## മധുരമായ കുട്ടികളേ – ഈ ജ്ഞാനം നിങ്ങളെ ശീതളമാക്കുന്നു, ഈ ജ്ഞാനത്തിലൂടെ കാമത്തിന്റേയും-ക്രോധത്തിന്റേയും അഗ്നി ഇല്ലാതാകുന്നു, ഭക്തിയിലൂടെ ആ അഗ്നി ഇല്ലാതാകുന്നില്ല.

**ചോദ്യം:–** ഓർമ്മയിൽ മുഖ്യമായ പരിശ്രമം ഏതാണ്?
**ഉത്തരം:–** ദേഹം പോലും ഓർമ്മ വരാത്ത രീതിയിലായിരിക്കണം ബാബയുടെ ഓർമ്മയിലിരിക്കേണ്ടത്. ആത്മാഭിമാനിയായി ബാബയെ ഓർമ്മിക്കൂ, ഇതാണ് പരിശ്രമം. ഇതിലാണ് വിഘ്നം വരുന്നത് കാരണം അരകൽപം ദേഹാഭിമാനികളായിരുന്നു. ഭക്തി എന്നാൽ ദേഹത്തിന്റെ ഓർമ്മയാണ്.

**ഓം ശാന്തി**. ഓർമ്മക്കു വേണ്ടി ഏകാന്തത വളരെ അത്യാവശ്യമാണെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഏകാന്തതയിൽ നിങ്ങൾക്ക് എത്രമാത്രം ബാബയുടെ ഓർമ്മയിലിരിക്കാൻ സാധിക്കുമോ അത്രത്തോളം കൂടിയിരിക്കുമ്പോൾ സാധിക്കില്ല. കുട്ടികൾ സ്കൂളിൽ പഠിക്കുന്ന സമയത്ത് ഏകാന്തതയിൽ പോയാണ് പഠിക്കുന്നത്. ഇതിലും ഏകാന്തത ആവശ്യമാണ്. കറങ്ങാൻ പോകുമ്പോഴും ഓർമ്മയുടെ യാത്ര മുഖ്യമാണ്. പഠിത്തം വളരെ സഹജമാണ് എന്തുകൊണ്ടെന്നാൽ അരകൽപം മായയുടെ രാജ്യം വരുന്നതിലൂടെയാണ് നിങ്ങൾ ദേഹ-അഭിമാനിയാകുന്നത്. ദേഹാഭിമാനമാണ് ഏറ്റവും-ആദ്യത്തെ ശത്രു. ബാബയെ ഓർമ്മിക്കുന്നതിനു പകരം ദേഹത്തെ ഓർമ്മിക്കുന്നു. ദേഹത്തിന്റെ അഹങ്കാരം എന്നാണ് ഇതിനെ പറയുന്നത്. ആത്മാഭിമാനികളാകൂ എന്നാണ് ഇവിടെ നിങ്ങൾ കുട്ടികളോട് പറയുന്നത്, ഇതിലാണ് പരിശ്രമം വേണ്ടി വരുന്നത്. ഇപ്പോൾ ഭക്തി ഉപേക്ഷിച്ച് കഴിഞ്ഞു. ശരീരത്തോടൊപ്പമാണ് ഭക്തിയുണ്ടാകുന്നത്. തീർത്ഥ സ്ഥലങ്ങളിലും മറ്റും ശരീരത്തെ കൊണ്ടു പോകേണ്ടി വരുന്നു. ദർശനം നടത്തണം, അത് ചെയ്യണം. ശരീരമാണ് പോകേണ്ടത്. ഞാൻ ആത്മാവാണ് എന്നതാണ് ഇവിടെ നിങ്ങൾക്ക് ചിന്തിക്കേണ്ടത്, എനിക്ക് പരമപിതാവും പരമാത്മാവുമായ ബാബയെ ഓർക്കണം. എത്രത്തോളം ഓർക്കുന്നുവോ അത്രയും പാപം നശിക്കും. ഭക്തിമാർഗത്തിൽ ഒരിക്കലും പാപം നശിക്കുന്നില്ല. പ്രായമായ ചിലർക്കാണെങ്കിൽ ഉള്ളിൽ ആശങ്കയുണ്ടാകും – നമ്മൾ ഭക്തി ചെയ്തില്ലെങ്കിൽ കുഴപ്പമാകും, നിരീശ്വരവാദികളാകും. ഭക്തിയിൽ തീ പിടിച്ചിരിക്കുകയാണ് എന്നാൽ ജ്ഞാനത്തിൽ ശീതളതയാണ്. ഇതിൽ കാമാഗ്നിയും, ക്രോധാഗ്നിയും നശിക്കുന്നു. ഭക്തിമാർഗത്തിൽ മനുഷ്യൻ വളരെ അധികം ഭാവന വെക്കുകയും, കഷ്ടപ്പെടുകയും ചെയ്യുന്നു. ശരി, ബദരീനാഥിൽ പോയി മൂർത്തിയുടെ ദർശനം ലഭിച്ചു അതു കഴിഞ്ഞിട്ട് എന്തുണ്ടായി! പെട്ടെന്ന് തന്നെ ഭാവന ഉണ്ടാകും, അതു കഴിഞ്ഞ് ബുദ്ധിയിൽ ബദരിനാഥല്ലാതെ മറ്റൊന്നും തന്നെ ഉണ്ടായിരിക്കില്ല. പണ്ടാണെങ്കിൽ നടന്ന് പോകുമായിരുന്നു. ബാബ പറയുകയാണ്, അൽപകാലത്തെ മനോകാമന ഞാൻ പൂർത്തീകരിക്കുന്നു, സാക്ഷാത്ക്കാരം ചെയ്യിക്കുന്നു. അല്ലാതെ അതിലൂടെ എന്നെ ലഭിക്കുന്നില്ല. സമ്പത്ത് എന്നെക്കൂടാതെ ലഭിക്കുകയില്ല. എന്നിലൂടെ മാത്രമേ നിങ്ങൾക്ക് സമ്പത്ത് ലഭിക്കുകയുള്ളൂ. മറ്റെല്ലാവരും ദേഹധാരികളാണ്. സമ്പത്ത് ഒരേ ഒരു രചയിതാവായ പിതാവിൽ നിന്നുമാണ് ലഭിക്കുന്നത്, ബാക്കിയുള്ളവരെല്ലാം ജഡമാണെങ്കിലും ചൈതന്യമാണെങ്കിലും എല്ലാം രചനയാണ്. രചനയിലൂടെ ഒരിക്കലും സമ്പത്ത് ലഭിക്കുകയില്ല. പതീത-പാവനൻ ഒരേയൊരു ബാബയാണ്. സംഗദോഷത്തെ കുമാരിമാർ വളരെയധികം ശ്രദ്ധിക്കണം. ബാബ പറയുന്നു, ആദി-മദ്ധ്യ-അന്ത്യം ഇങ്ങിനെ പതീതമാകുന്നതിലൂടെയാണ് നിങ്ങൾക്ക് ദു:ഖം ഉണ്ടാകുന്നത്. ഇപ്പോൾ എല്ലാവരും പതീതരാണ്. നിങ്ങൾക്ക് ഇപ്പോൾ പാവനമാകണം. നിങ്ങളെ പഠിപ്പിക്കുന്നത് നിരാകാരനായ ബാബ വന്നിട്ടാണ്. ബ്രഹ്മാവാണ് പഠിപ്പിക്കുന്നതെന്ന് ഒരിക്കലും തെറ്റിദ്ധരിക്കരുത്. ശിവബാബയുടെ അടുത്തായിരിക്കണം എല്ലാവരുടേയും ബുദ്ധി. ബ്രഹ്മാവിലൂടെ ശിവബാബ പഠിപ്പിക്കുകയാണ്. നിങ്ങൾ ദാദിമാരെ പഠിപ്പിക്കുന്നതും ശിവബാബ തന്നെയാണ് . ശിവബാബയെ എന്ത് സത്ക്കരിക്കാനാണ്! നിങ്ങൾ ശിവബാബക്കു വേണ്ടി മാമ്പഴവും മുന്തിരിയും കൊണ്ടു പോകുന്നു, ശിവബാബ പറയുകയാണ്– ഞാൻ അഭോക്താവാണ്. എല്ലാം നിങ്ങൾ കുട്ടികൾക്ക് വേണ്ടിയുള്ളതാണ്. ഭക്തർ പ്രസാദം അർപ്പിച്ച് പിന്നീട് എല്ലാവർക്കും വിതരണം ചെയ്യുന്നു. ഞാനാണോ കഴിക്കുന്നത്. ബാബ പറയുകയാണ് നിങ്ങൾ കുട്ടികളെ പഠിപ്പിച്ച് പാവനമാക്കാൻ വേണ്ടിയാണ് ഞാൻ വരുന്നത്. പാവനമായി നിങ്ങൾ ഉയർന്ന പദവി നേടും. ഇതാണ് എന്റെ ജോലി. ശിവഭഗവാനുവാച എന്നാണ് പറയുന്നത്. ബ്രഹ്മാ ഭഗവാനുവാച എന്ന് ഒരിക്കലും പറയില്ല. ബ്രഹ്മാ ഉവാച എന്നും പറയില്ല. ബ്രഹ്മാബാബ മുരളി പറഞ്ഞാലും ശിവബാബ പറയുന്നതായാണ് മനസ്സിലാക്കേണ്ടത്. ഏതെങ്കിലും കുട്ടികളെ നല്ല ലക്ഷ്യത്തോടെ അമ്പെയ്ത് വീഴ്ത്തണമെങ്കിൽ സ്വയം വന്ന് പ്രവേശിക്കുന്നു. ജ്ഞാനത്തിന്റെ അമ്പെയ്ത്ത് ശക്തിയേറിയതെന്നാണ് പറയപ്പെടുന്നത്. സയൻസിനും എത്രമാത്രം ശക്തിയാണുള്ളത്. എത്രമാത്രം സ്ഫോടനശക്തിയാണ് ബോംബുകൾക്കെല്ലാമുള്ളത്. എത്രമാത്രം ശാന്തമായാണ്

നിങ്ങളിരിക്കുന്നത്. സൈലൻസ് സയൻസിനുമേൽ വിജയം കൈവരിക്കുന്നു.

ഈ സൃഷ്ടിയെ പാവനമാക്കുന്നത് നിങ്ങളാണ്. സ്വയം തന്നെ പാവനാമാകുകയാണ് ആദ്യം ചെയ്യേണ്ടത്. ഡ്രാമയനുസരിച്ച് പാവനമാകുക തന്നെ വേണം, വിനാശവും പതുങ്ങിയിരിക്കുന്നത് ഇതിന് വേണ്ടി ത്തന്നെയാണ്. ഡ്രാമയെ മനസ്സിലാക്കി വളരെയധികം സന്തോഷത്തോടെയിരിക്കണം. ഇപ്പോൾ നമുക്ക് ശാന്തിധാമത്തിലേക്ക് പോകണം. അത് നിങ്ങളുടെ വീടാണെന്ന് ബാബ പറയുന്നു. വളരെ സന്തോഷത്തോടെയല്ലേ വീട്ടിലേക്ക് പോകേണ്ടത്. ഇതിൽ ദേഹീ–അഭിമാനിയാകാനുള്ള വളരെ പരിശ്രമം നടത്തണം. ബാബ കൂടുതൽ ഊന്നൽ നൽകുന്നത് ഈ ഓർമ്മയുടെ യാത്രയിലാണ്, ഇതിലാണ് പരിശ്രമമുള്ളത്. നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും ബാബയെ ഓർക്കുന്നതാണോ സഹജം അതോ ഒരിടത്തിരുന്ന് ഓർമ്മിക്കുന്നതാണോ സഹജം? എത്രയെത്ര മാലയാണ് ഭക്തി മാർഗത്തിൽ ജപിക്കുന്നത്, രാമാ–രാമാ എന്ന് ജപിച്ചു കൊണ്ടിരിക്കുന്നു. ഒരു നേട്ടവുമില്ല. പൂർണ്ണമായും സഹജമായ യുക്തിയാണ് ബാബ നിങ്ങൾ കുട്ടികൾക്ക് പറഞ്ഞു തരുന്നത്–ആഹാരം ഉണ്ടാക്കൂ, എന്തെങ്കിലും ചെയ്യൂ, ബാബയെ ഓർമ്മിക്കൂ. ഭക്തിമാർഗത്തിൽ ശ്രീനാഥ ക്ഷേത്രത്തിൽ പ്രസാദം ഉണ്ടാക്കുന്ന സമയത്ത്, വായ് മൂടിക്കെട്ടുന്നു. തീർത്തും ശബ്ദം കേൾക്കാൻ പാടില്ല. അത് ഭക്തിമാർഗമാണ്. ബാബയെ ഓർമ്മിക്കുകയാണ് നിങ്ങൾ ചെയ്യേണ്ടത്. അവർ അത്രയും പ്രസാദം അർപ്പിച്ചാലും അത് ആരും കഴിക്കുന്നില്ല. ക്ഷേത്രത്തിലെ വഴികാട്ടികളുടെ കുടുംബത്തിലുള്ളവരാണ് അത് കഴിക്കുന്നത്. ശിവബാബയാണ് നമ്മളെ പഠിപ്പിക്കുന്നതെന്ന് ഇവിടെ നിങ്ങൾക്കറിയാം. ശിവബാബയാണ് പഠിപ്പിക്കുന്നതെന്ന കാര്യം ഭക്തിയിൽ അറിയുന്നില്ല. ശിവപുരാണം ഉണ്ടാക്കിയിരിക്കുന്നു എന്നാൽ അതിൽ ശിവ–പാർവ്വതിയേയും, ശിവ–ശങ്കരനേയും എല്ലാം കൂട്ടിക്കുഴച്ചു, അത് പഠിക്കുന്നതുകൊണ്ട് ഒരുനേട്ടവുമില്ല. അവരവരുടേതായിട്ടുള്ള ശാസ്ത്രം ഓരോരുത്തർക്കും പഠിക്കണം. ഒരൊറ്റ ഗീതയാണ് ഭാരതവാസികളുടേത്. ഒരേയൊരു ബൈബിൾ ആണ് ക്രിസ്ത്യാനികളുടേത്. ഗീത എന്ന് പറയുന്നത് ദേവീ–ദേവതാ ധർമ്മത്തിന്റെ ശാസ്ത്രമാണ്. ജ്ഞാനമുള്ളത് ഗീതയിലാണ്. ജ്ഞാനമാണ് പഠിക്കുന്നത്. ജ്ഞാനമാണ് നിങ്ങൾക്ക് പഠിക്കേണ്ടത്. യുദ്ധത്തെക്കുറിച്ചുള്ള പുസ്തകങ്ങളിലൊന്നും, നിങ്ങൾക്ക് ഒരു കാര്യവുമില്ല. നമ്മൾ യോഗബലമുള്ളവരാണ് ശരീരബലത്തിന്റെ കഥകൾ നമ്മളെന്തിന് കേൾക്കണം! വാസ്തവത്തിൽ നിങ്ങൾക്ക് യുദ്ധമൊന്നും തന്നെയില്ല. യോഗബലത്തിലൂടെയാണ് നിങ്ങൾ 5 വികാരത്തിന്മേൽ വിജയം പ്രാപ്തമാക്കുന്നത്. 5 വികാരങ്ങളോടാണ് നിങ്ങളുടെ യുദ്ധം. അവിടെ മനുഷ്യൻ മനുഷ്യനോടൊപ്പമാണ് യുദ്ധം ചെയ്യുന്നത്. നിങ്ങൾ വികാരങ്ങളോടാണ് യുദ്ധം ചെയ്യുന്നത്. സന്യാസിമാർക്ക് ഈ കാര്യം മനസ്സിലാക്കിത്തരാൻ സാധിക്കില്ല. നിങ്ങളെ ഡ്രില്ലുകളൊന്നും പഠിപ്പിക്കുന്നില്ല. ഒരേ ഒരു ഡ്രില്ലാണ് നിങ്ങൾക്കുള്ളത്. നിങ്ങളുടേത് യോഗബലമാണ്. ഓർമ്മയുടെ ബലത്തിലൂടെ 5 വികാരങ്ങൾക്കുമേൽ ജയം പ്രാപിക്കുന്നു. ഈ 5 വികാരങ്ങൾ ശത്രുക്കളാണ്. അതിൽ ദേഹാഭിമാനമാണ് നമ്പർ വൺ. നിങ്ങൾ ആത്മാവല്ലേ എന്നാണ് ബാബ പറയുന്നത്. നിങ്ങൾ ആത്മാക്കൾ വരികയും, വന്ന് ഗർഭത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു. ഞാൻ ഈ ശരീരത്തിൽ വിരാജിതനാണ്. ഞാൻ ഗർഭത്തിലേക്ക് പോകുന്നില്ല. സത്യയുഗത്തിൽ നിങ്ങൾ ഗർഭ–കൊട്ടാരത്തിലായിരിക്കും. പിന്നീട് രാവണരാജ്യത്തിൽ ഗർഭ–ജയിലിലേക്ക് പോകുന്നു. ഞാൻ പ്രവേശിക്കുകയാണ് ചെയ്യുന്നത്. ദിവ്യ ജന്മം എന്നാണ് ഇതിനെ പറയുന്നത്. ഡ്രാമയനുസരിച്ച് എനിക്ക് ഇദ്ദേഹത്തിൽ വരേണ്ടി വരുന്നു. എന്റേതായിമാറിയതുകൊണ്ട് ഇദ്ദേഹത്തിന്റെ പേര് ബ്രഹ്മാവ് എന്ന് വെക്കുന്നു. എത്ര നല്ല–നല്ല പേരുകളാണ് ദത്തെടുക്കുമ്പോൾ വരുന്നത്. വളരെ നല്ല–നല്ല പേരാണ് നിങ്ങൾക്കും നൽകിയത്. സന്ദേശിയിലൂടെ ലഭിച്ച ലിസ്റ്റുണ്ട്. പ്രത്യകിച്ച് കാര്യമൊന്നുമില്ല. ശരീരത്തിന് പേരിടാറുണ്ടല്ലോ. ഇപ്പോൾ ബാബ പറയുകയാണ്, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ബാബയെ ഓർമ്മിക്കൂ. അത്രമാത്രം. നമ്മൾ പൂജ്യ ദേവതയായി പിന്നീട് രാജ്യം ഭരിക്കുമെന്ന് നമുക്കറിയാം. പിന്നീട് ഭക്തി മാർഗ്ഗത്തിൽ നമ്മുടെ തന്നെ ചിത്രം ഉണ്ടാക്കപ്പെടും. ദേവിമാരുടെ ധാരാളം ചിത്രങ്ങൾ ഉണ്ടാക്കുന്നു. ആത്മാക്കളുടെ പൂജയും നടക്കുന്നുണ്ട്. മണ്ണു കൊണ്ടുള്ള സാലിഗ്രാമങ്ങളുണ്ടാക്കിയിട്ട് രാത്രി ഉടച്ചു കളയുന്നു. ദേവിമാരെയും അലങ്കരിച്ച്, പൂജിച്ച് പിന്നീട് സമുദ്രത്തിൽ താഴ്ത്തുന്നു. ബാബ പറയുകയാണ് എന്റേയും രൂപം ഉണ്ടാക്കി, കഴിപ്പിക്കുകയും കുടിപ്പിക്കുകയുമെല്ലാം ചെയ്ത് പിന്നീട് കല്ലിലും–മുള്ളിലുമുണ്ടെന്ന് പറയുന്നു. ഏറ്റവും കൂടുതൽ ദുരവസ്ഥയിലാക്കുന്നത് എന്നെയാണ്. നിങ്ങൾ എത്ര ദരിദ്രരായിരിക്കുന്നു. ദരിദ്രരാണ് പിന്നീട് ഉയർന്ന പദവി നേടുന്നത്. സമ്പന്നർ വളരെ വിരളമായാണ് ഈ ജ്ഞാനം എടുക്കുന്നത്. സമ്പന്നരിൽ നിന്നും അത്രയും വാങ്ങിയിട്ട് ബാബ എന്തു ചെയ്യാനാണ്! ഇവിടെ കുട്ടികളുടെ ഓരോരോ തുള്ളി കൊണ്ടാണ് കെട്ടിടങ്ങളെല്ലാം ഉണ്ടാക്കുന്നത്. ഞങ്ങളുടെ ഒരിഷ്ടിക സ്വീകരിക്കൂ എന്ന് പറയുന്നു. പകരം സ്വർണ്ണത്തിന്റേയും–വെള്ളിയുടേയും കൊട്ടാരം ലഭിക്കും എന്ന് മനസ്സിലാക്കുന്നു. അവിടെ ധാരാളം സ്വർണ്ണമുണ്ടാകും. സ്വർണ്ണം കൊണ്ടുള്ള ഇഷ്ടിക ഉണ്ടാകും അപ്പോഴല്ലേ കൊട്ടാരം പണിയാൻ സാധിക്കൂ. അതുകൊണ്ട് ബാബ വളരെ സ്നേഹത്തോടെ പറയുകയാണ്–

മധുരമായ-മധുരമായ കുട്ടികളേ, ഇപ്പോൾ എന്നെ ഓർമ്മിക്കൂ, ഇപ്പോൾ നാടകം പൂർത്തിയാകുകയാണ്.

ബാബ ദരിദ്രരായ കുട്ടികളെ സമ്പന്നരാക്കുന്നതിനുള്ള യുക്തി പറഞ്ഞു തരികയാണ്-മധുരമായ കുട്ടികളേ, നിങ്ങളുടെ പക്കൽ എന്തെല്ലാമുണ്ടോ ട്രാൻസ്ഫർ ചെയ്യൂ. ഇവിടെ ഒന്നും അവശേഷിക്കില്ല. ഇവിടെ നിങ്ങൾ ട്രാൻസ്ഫർ ചെയ്യുന്നത് അവിടെ പുതിയ ലോകത്തിൽ 100 മടങ്ങായി നിങ്ങൾക്ക് തിരിച്ച് ലഭിക്കുന്നു. ബാബ ഒന്നും യാചിക്കുകയില്ല. ബാബ ദാതാവാണ്, ഈ യുക്തി പറഞ്ഞു തരികയാണ്. ഇവിടെയുള്ളതെല്ലാം മണ്ണിൽ പോകാനുള്ളതാണ്. അൽപം ട്രാൻസ്ഫർ ചെയ്താൽ പുതിയ ലോകത്തിൽ നിങ്ങൾക്ക് ലഭിക്കും. ഇത് പഴയ ലോകത്തിന്റെ വിനാശത്തിന്റെ സമയമാണ്. ഈ കാണുന്നതൊന്നും ഉപകാരപ്പെടുകയില്ല. അതു കൊണ്ട് ബാബ പറയുകയാണ് ഓരോ വീട്ടിലും യൂണിവേഴ്സിറ്റിയും ഹോസ്പിറ്റലും തുറക്കൂ അതിലൂടെ ആരോഗ്യവും സമ്പത്തും ലഭിക്കും. ഇതാണ് മുഖ്യമായ കാര്യം. ശരി!

**രാത്രി ക്ലാസ്സ് 12-3-69**

ഈ സമയം നിങ്ങൾ ദരിദ്രരായ സാധാരണ മാതാക്കൾ പുരുഷാർത്ഥം ചെയ്ത് ഉയർന്ന പദവി നേടുന്നു. മാതാക്കളാണ് യജ്ഞത്തിൽ സഹായം കൂടുതലും ചെയ്യുന്നത്, സഹായികളാകുന്ന പുരുഷന്മാർ വളരെ ചുരുക്കം പേരേയുള്ളൂ. മാതാക്കൾക്ക് അവകാശിയെന്ന ലഹരി ഉണ്ടായിരിക്കില്ല. അവർ വിത്ത് വിതച്ച്, തന്റെ ജീവിതം നയിച്ചുകൊണ്ടിരിക്കുന്നു. നിങ്ങളുടെ ജ്ഞാനം യഥാർത്ഥമാണ്, ബാക്കിയുള്ളത് ഭക്തിയാണ്. ആത്മീയ അച്ഛനാണ് വന്ന് ജ്ഞാനം നൽകുന്നത്. അച്ഛനെ മനസ്സിലാക്കിയാൽ അച്ഛനിൽ നിന്നും സമ്പത്ത് തീർച്ചയായും നേടണം. നിങ്ങളെ ബാബ പുരുഷാർത്ഥം ചെയ്യിച്ചു കൊണ്ടിരിക്കുന്നു. സമയം പാഴാക്കരുത്. ബാബക്കറിയാം ചിലർ നല്ല പുരുഷാർത്ഥികളാണ് ചിലർ രണ്ടാം തരവും, ചിലർ മൂന്നാം തരവുമാണ്. ബാബയോട് ചോദിക്കുകയാണെങ്കിൽ- നിങ്ങൾ ഒന്നാമതാണോ, രണ്ടാമതാണോ അതോ മൂന്നാമതാണോ എന്ന് ബാബ പെട്ടെന്ന് പറയും. ആർക്കും ജ്ഞാനം നൽകിയില്ലെങ്കിൽ മൂന്നാം തരമാണ്. തെളിവ് നൽകിയില്ലെങ്കിൽ തീർച്ചയായും ബാബ പറയുക തന്നെ ചെയ്യും. ഭഗവാൻ വന്ന് പഠിപ്പിക്കുന്ന ജ്ഞാനം പിന്നീട് ഇല്ലാതാകുന്നു.
ഇത് ആർക്കും അറിയില്ല. ഡ്രാമയുടെ പദ്ധതി പ്രകാരം ഇത് ഭക്തിമാർഗമാണ്, ഇതിലൂടെ ആർക്കും എന്നെ പ്രാപ്തമാക്കാൻ സാധിക്കില്ല. സത്യയുഗത്തിലേക്ക് ആർക്കും പോകാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ കുട്ടികൾ പുരുഷാർത്ഥം ചെയ്യുകയാണ്. കൽപം മുൻപ് ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്തുവോ, അത്രത്തോളം ചെയ്തു കൊണ്ടിരിക്കുന്നു. ആരൊക്കെ മംഗളം ചെയ്യുണ്ട് എന്ന് ബാബക്കും മനസ്സിലാക്കാൻ സാധിക്കും. ദിവസവും ഈ ലക്ഷ്മീ നാരായണന്റെ ചിത്രത്തിന് മുൻപിൽ ഇരിക്കൂ എന്ന് ബാബ പറയുന്നു. ബാബാ, അങ്ങയുടെ ശ്രീമതമനുസരിച്ച് നടന്ന് ഞങ്ങൾ ഈ സമ്പത്തെടുക്കും... തനിക്കു സമാനമാക്കി മാറ്റുന്ന സേവനം ചെയ്യാൻ താൽപര്യം ഉണ്ടായിരിക്കണം. സെന്ററിലുള്ളവരോടും ചോദിക്കാറുണ്ട് ഇത്രയും നാൾ പഠിച്ചിട്ടും ആരേയും പഠിപ്പിക്കുവാൻ സാധിക്കുന്നില്ലെങ്കിൽ നിങ്ങളെന്താണ് പഠിച്ചത്? കുട്ടികളുടെ ഉന്നതി ഉണ്ടാകേണ്ടേ? ബുദ്ധിയിൽ മുഴുവൻ ദിവസവും സേവനത്തെക്കുറിച്ചുള്ള ചിന്ത ഉണ്ടായിരിക്കണം.

നിങ്ങൾ വാനപ്രസ്ഥികളാണ്. വാനപ്രസ്ഥികൾക്കുള്ള ആശ്രമങ്ങളും ഉണ്ട്. വാനപ്രസ്ഥികളുടെ അടുക്കൽ പോകണം, മരിക്കുന്നതിന് മുൻപ് ലക്ഷ്യം പറഞ്ഞു കൊടുക്കണം. നിങ്ങളുടെ ആത്മാവ് ശബ്ദത്തിനുപരി പോകുന്നതെങ്ങനെയാണ്. പതീതാത്മാവിന് പോകുവാൻ സാധിക്കില്ല. ഭഗവാനുവാച, നിങ്ങൾ എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ നിങ്ങൾ വാനപ്രസ്ഥത്തിലേക്ക് പോകും.... ബനാറസിലും ഒരുപാടു സേവനമുണ്ട്. ഒരുപാടു സന്ന്യാസിമാർ കാശീവാസത്തുനു വേണ്ടി അവിടെയാണ് താമസിക്കുന്നത്. ശിവകാശി ഗംഗാനാഥൻ എന്ന് മുഴുവൻ ദിവസവും ഉരുവിട്ടുകൊണ്ടിരിക്കും. നിങ്ങളുടെ ഉള്ളിൽ സദാ സന്തോഷത്തിന്റെ കൈയ്യടി മുഴങ്ങിക്കൊണ്ടിരിക്കണം. വിദ്യാർത്ഥികളല്ലേ, പഠിക്കുന്നുമുണ്ട്, സേവനവും ചെയ്യുന്നുണ്ട്. ബാബയെ ഓർമ്മിക്കണം, സമ്പത്തെടുക്കണം. നമ്മൾ ഇപ്പോൾ ശിവബാബയുടെ അടുക്കലേക്കു പോകുകയാണ്. ഇതാണ് മന്മനാഭവ. എന്നാൽ ഒരുപാടു പേർക്ക് ഓർമ്മ നിലനിൽക്കുന്നില്ല. പരദൂഷണം ചെയ്യുന്നു. ഓർമ്മയാണ് മുഖ്യമായ കാര്യം. ഓർമ്മ തന്നെയാണ് സന്തോഷം നൽകുന്നത്. വിശ്വത്തിൽ ശാന്തി വേണം എന്ന് എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. ബാബ പറയുന്നു വിശ്വത്തിൽ ഇപ്പോൾ ശാന്തി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്ന് അവർക്ക് മനസ്സിലാക്കി കൊടുക്കൂ. അതുകൊണ്ടാണ് ലക്ഷ്മീ നാരായണന്റെ ചിത്രത്തിൽ ബാബ കൂടുതൽ മഹത്വം നൽകുന്നത്. സുഖവും, ശാന്തിയും, പവിത്രതയും, സർവ്വതും ഉണ്ടായിരുന്ന രാജ്യം സ്ഥാപിക്കപ്പെടുകയാണെന്ന് അവരോടു പറയൂ. വിശ്വത്തിൽ ശാന്തി വേണമെന്ന് എല്ലാവരും പറയുന്നു. ഒരുപാടു പേർക്ക് സമ്മാനവും ലഭിക്കുന്നുണ്ട്. ലോകത്തിൽ

ശാന്തി സ്ഥാപിക്കുന്നത് ഉടമയായിരിക്കുമല്ലോ? ഇവരുടെ ഭരണ സമയത്ത് വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു. ഒരു ഭാഷ, ഒരു രാജ്യം, ഒരു ധർമ്മം മാത്രമായിരുന്നു. മറ്റെല്ലാ ആത്മാക്കളും നിരാകാരീ ലോകത്തിലായിരുന്നു. ഇങ്ങനെ ഒരു ലോകം സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ശാന്തി സ്ഥാപിച്ചിട്ടുണ്ടായിരുന്നു. വിദേശികളും മനസ്സിലാക്കും ഇത് സ്വർഗമായിരുന്നു, ഇവരുടെ രാജ്യമായിരുന്നു. വിശ്വത്തിൽ ഇപ്പോൾ ശാന്തി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ബാബ മനസ്സിലാക്കി തന്നിട്ടുള്ളതാണ്, പ്രഭാതഭേരി നടത്തുമ്പോൾ ഈ ലക്ഷ്മീ നാരയണന്റെ ചിത്രം കരുതൂ. സർവ്വരുടെയും കാതുകളിൽ ഈ ശബ്ദം കേൾക്കണം ഇവരുടെ രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. നരകത്തിന്റെ വിനാശം മുൻപിൽ നിൽക്കുകയാണ്. ഡ്രാമയനുസരിച്ച് അൽപം താമസം വരും എന്നുള്ളത് അറിയാം. വലിയ ആളുകൾക്ക് ഭാഗ്യമില്ല. എങ്കിലും ബാബ പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നു. ഡ്രാമയനുസരിച്ച് സേവനം നടക്കുന്നു. ശരി. ഗുഡ് നൈറ്റ്.

### ധാരണക്കുള്ള മുഖ്യ സാരം:-

1) മോശമായ കൂട്ടുകെട്ടിൽ നിന്നും സ്വയത്തെ വളരെയധികം സംരക്ഷിക്കണം. ഒരിക്കലും പതിതരുമായി കൂട്ടു കൂടരുത്. സൈലൻസിന്റെ ബലത്തിലൂടെ ഈ സൃഷ്ടിയെ പാവനമാക്കുന്നതിനുള്ള സേവനം ചെയ്യണം.

2) ഡ്രാമയെ നല്ലരീതിയിൽ മനസ്സിലാക്കി ഹർഷിതമായിരിക്കണം. തന്റെ സർവ്വതും പുതിയ ലോകത്തിലേക്ക് ട്രാൻസ്ഫർ ചെയ്യണം.

## വരദാനം- ബാബയിൽനിന്നും സഫലതയുടെ തിലകം പ്രാപ്തമാക്കുന്ന സദാ ആജ്ഞാകാരികളും, ഹൃദയസിംഹാസനധാരികളുമായി ഭവിക്കട്ടെ.

ഭാഗ്യവിധാതാവായ ബാബ ദിവസേന അമൃതവേളയിൽ തന്റെ ആജ്ഞാകാരി കുട്ടികൾക്ക് സഫലതയുടെ തിലകം നൽകുന്നു.ആജ്ഞാകാരികളായ ബ്രാഹ്മണകുട്ടികളുടെ വായിൽനിന്നോ ,സങ്കൽപത്തിൽ നിന്നോ ഒരിക്കലും പരിശ്രമം,ബുദ്ധിമുട്ട് എന്നീ വാക്കുകൾ വരികയില്ല.അവർ സഹജയോഗികളായി മാറുന്നു.അതിനാൽ ഒരിക്കലും നിരാശരാകരുത്,മറിച്ച് സദാ ഹൃദയസിംഹാസനധാരികളാകുക,ദയാഹൃദയരാകുക. ഒപ്പം അഹംഭാവത്തെയും,സംശയങ്ങളെയും സമാപ്തമാക്കുക.

## സ്ലോഗൻ : വിശ്വപരിവർത്തനത്തിന്റെ ഡേറ്റിനെക്കുറിച്ച് ചിന്തിക്കേണ്ട, സ്വപരിവർത്തനത്തിന്റെ സമയം നിശ്ചയിക്കൂ.

**അവ്യക്ത സൂചന-സത്യതയും,സഭ്യതയുമാകുന്ന സംസ്ക്കാരങ്ങളെ തന്റേതാക്കി മാറ്റൂ....**
പവിത്രതയാകുന്ന വ്യക്തിത്വത്തിലൂടെ സമ്പന്നരായ റോയൽ ആത്മാക്കളെ സത്യതയുടെ ദേവിമാർ എന്നാണ് പറയാറുള്ളത്. അവരിൽ ക്രോധവികാരമാകുന്ന അപവിത്രതപോലും ഉണ്ടാകില്ല. ക്രോധത്തിന്റെ സൂക്ഷ്മ രൂപങ്ങളാണ് ഈർഷ്യ,ദ്വേഷം എന്നിവ.വെറുപ്പ് ഉള്ളിലുണ്ടെങ്കിൽ അത് അഗ്നിപോലെ കത്തിക്കൊണ്ടിരിക്കും. പുറമേക്ക് കറുത്തനിറത്തിൽ കാണപ്പെടും. അതിനാൽ ഈ കറുത്ത നിറത്തെ സമാപ്തമാക്കി സത്യതയും, ശുദ്ധതയുമുള്ളവരായി മാറൂ.